"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

നമ്പർ:എച്ച്1/6653/09

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 24/12/2013

**ചുറ്ററിയിപ്പ്**

Forward to PL publish the same in our website
31/12

വിഷയം:- വ്യവസായ പരിശീലന വകുപ്പ്- എസ്.സി.വി.റ്റി സെക്രട്ടറിയുടെ മേലൊപ്പിനായി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ നിർബന്ധമായും ക്യാരക്ടർ രേഖപ്പെടുത്തേണ്ട ഭാഗം പൂരിപ്പിക്കുന്നത്- സംബന്ധിച്ച്.

എസ്.സി.വി.റ്റി. സെക്രട്ടറിയുടെ മേലൊപ്പിനായി വിവിധ ഐ.ടി.ഐകളിൽ നിന്നും ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ പലതിലും ട്രെയിനികളുടെ ക്യാരക്ടർ രേഖപ്പെടുത്തേണ്ട ഭാഗം അപൂർണ്ണമാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേലിൽ സർട്ടിഫിക്കറ്റുകളിൽ ക്യാരക്ടർ രേഖപ്പെടുത്തേണ്ട ഭാഗം പൂരിപ്പിക്കാതെ യാതൊരു സർട്ടിഫിക്കറ്റും മേലൊപ്പിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കാൻ പാടുള്ളതല്ല. സർട്ടിഫിക്കറ്റുകൾ മേലൊപ്പിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനു മുമ്പ് എല്ലാ സർട്ടിഫിക്കറ്റുകളിലും ക്യാരക്ടർ ഭാഗം എഴുതുന്നത് ഉൾപ്പെടെ സർട്ടിഫിക്കറ്റിലെ എല്ലാ ഭാഗവും പൂരിപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തേണ്ടതാണ്. ടി നടപടി മൂലം ട്രെയിനികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. **കൂടാതെ ഇക്കാര്യത്തിലുള്ള വീഴ്ച അച്ചടക്ക നടപടിക്ക് വിധേയമാകുന്നതാണ്.**

അഡീഷണൽ ഡയറക്ടർ (ട്രെയിനിംഗ്)

To

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും